# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 41

01.12.2015- ൽ മറുപടിക്ക്

### സഹകരണ നയം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ജി.സുധാകരൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, പി.ശ്രീരാമകൃഷ്ണൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളോട് ഈ സർക്കാരിന്റെ സമീപനം വ്യക്തമാക്കാമോ; | (എ) സഹകരണ മേഖലയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സംഘം നിയമാവലിക്കും വിധേയമായി ജനക്ഷേമം ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ വികസനത്തിന് പ്രാപ്തമാക്കുന്ന വിധത്തിൽ സഹകരണ മേഖലയെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ സമീപനം. |
| (ബി) പൊതുവിപണിയിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ് സിഡി നല്കി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (ബി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കി വരുന്നു. ഉത്സവകാലങ്ങളിൽ സഹകരണ വിപണികൾ സർക്കാർ സബ്സിഡിയോടുകൂടി സംഘടിപ്പിച്ചും വർഷം മുഴുവനും 10 ഇനം നിത്യോപയോഗ സാധനങ്ങൾ കമ്പോളവിലയിൽ നിന്നും 20% വിലക്കുറവിൽ നന്മസ്റ്റോറുകളിലൂടെ നൽകിയും സാധാരണ ജനങ്ങൾക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ ത്രിവേണി, സഞ്ചരിക്കുന്ന ത്രിവേണി തുടങ്ങിയ ഔട്ട് ലെറ്റുകളിലൂടെ എത്തിച്ചും വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് സർക്കാർ |

കൺസ്യൂമർഫെഡിലൂടെ നടത്തിവരുന്നത്. സംസ്ഥാനത്തെ പ്രധാന ഉത്സവക്കാലങ്ങളോട് അനുബന്ധിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും തദ്വാരാ അതാതു കാലയളവിൽ ഉണ്ടാകുവാൻ സാധ്യതയുള്ള വിലവർദ്ധനവിനെ നിയന്ത്രണവിധേയമാക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ പ്രാദേശിക തലത്തിൽ സഹകരണ സംഘങ്ങൾ മുഖേന പച്ചക്കറിയും മറ്റു നിത്യോപയോഗ സാധനങ്ങളും ന്യായമായ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സബ് സിഡിയും സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായങ്ങളും പിൻവലിച്ചതുവഴി, സഹകരണമേഖലയിലൂടെയുള്ള വിപണി ഇടപെടലുകൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സിഡിയും സഹകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായവും ഈ സർക്കാർ പിൻവലിച്ചിട്ടില്ല. എന്നാൽ മുൻസർക്കാരുകളുടെ കാലത്ത് അനുമതി കൂടാതെ ഫെഡറേഷൻ സ്വന്തം നിലയിൽ സബ്സിഡി അനുവദിച്ചത് കൊണ്ടുണ്ടായ ബാദ്ധ്യത കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് മൊത്തം 117.71 കോടി രൂപ സബ്സിഡിയായി നല്കിയപ്പോൾ ഈ സർക്കാർ ഇതിനകം 254.50 കോടി രൂപ നല്കിക്കഴിഞ്ഞു.

ഡി) വിലക്കയറ്റം മൂലം ജനങ്ങൾ പൊറുതിമുട്ടുന്ന ഘട്ടത്തിൽ സഹകരണ മേഖലയിലൂടെയുള്ള കമ്പോള ഇടപെടൽ ശക്തിപ്പെടുത്താൻ തയ്യാറാകുമോ?

(ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ